# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *34 – 04/02/2020- ലെ മറുപടിക്ക്

## ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ

ചോദ്യം

ഉത്തരം

ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ.എം.ഉമ്മർ
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.ടി.വി.ഇബ്രാഹിം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

<table>
<tr><th></th><th>ചോദ്യം</th><th>ഉത്തരം</th></tr>
<tr><td>(എ)</td><td>നിശ്ചിത കാലയളവിൽ കമ്മി ഇല്ലാതാക്കുന്നതിനും ധനക്കമ്മി കുറയ്ക്കുന്നതിനും സമയബന്ധിത ലക്ഷ്യങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളെല്ലാം പാലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;</td><td rowspan="2">2018 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>(ശതമാനത്തിൽ)
<table>
<tr><th colspan="2">ധന സൂചകങ്ങൾ</th><th>2017-18</th><th>2018-19</th><th>2019-20</th></tr>
<tr><td rowspan="2">റവന്യൂ കമ്മി /ജി.എസ്.ഡി.പി</td><td>ലക്ഷ്യം</td><td>0</td><td>0</td><td>0</td></tr>
<tr><td>നേട്ടം</td><td>2.46</td><td>1.68 RE</td><td>1.00 BE</td></tr>
<tr><td rowspan="2">ധനകമ്മി/ ജി.എസ്. ഡി.പി</td><td>ലക്ഷ്യം</td><td>3.0</td><td>3.0</td><td>3.0</td></tr>
<tr><td>നേട്ടം</td><td>3.91</td><td>3.06 RE</td><td>3.00 BE</td></tr>
<tr><td rowspan="2">കടബാധ്യത /ജി.എസ്. ഡി.പി</td><td>ലക്ഷ്യം</td><td>30.40</td><td>30.01</td><td>29.67</td></tr>
<tr><td>നേട്ടം</td><td>30.69</td><td>30.49 RE</td><td>30.21 BE</td></tr>
</table>
നോട്ട് നിരോധനവും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചു വരുന്ന റവന്യൂ ചെലവും കാരണമാണ് ധന ഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്.<br>കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ</td></tr>
<tr><td>(ബി)</td><td>സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൽ നിറവേറ്റാൻ കഴിയാത്തവ ഏതെല്ലാമെന്നും വിശദമാക്കാമോ;</td></tr>
</table>

| | | |
|---|---|---|
| | | സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. |
| (സി) | സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യസ്ഥിതിയെക്കുറിച്ചും എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി എത്ര റിപ്പോർട്ടുകൾ ഈ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ; | 2014-15, 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ സർക്കാരിന്റെ ചെലവുകളെക്കുറിച്ചും ധനസ്ഥിതിയെക്കുറിച്ചും യഥാക്രമം നാല് അവലോകന റിപ്പോർട്ടുകളാണ് നാലാമത് 'സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി' സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്മേൽ സംസ്ഥാനത്തിന്റെ ധനക്കമ്മി കുറയ്ക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്; ആയത് നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ ചുവടെ പറയുന്നവയാണ്.<br>• പല സാധനങ്ങൾക്കും ജി.എസ്.ടി |

| | | |
|---|---|---|
| | വിശദവിവരം ലഭ്യമാക്കാമോ? | സമ്പ്രദായത്തിന് നിശ്ചയിച്ചിട്ടുള്ള വില VAT സമ്പ്രദായത്തേക്കാൾ കുറഞ്ഞ നിരക്കിലായതിനാൽ ആയത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതിനാലും ജി.എസ്.ടി സമ്പ്രദായത്തിൽ CGST -യും SGST -യും തുല്യ അനുപാതത്തിൽ വീതിക്കപ്പെടുന്നതിനാലും vertical fiscal imbalance വർദ്ധിക്കുന്നു. ഈ പ്രതിസന്ധികൾ ജി.എസ്.ടി കൗൺസിൽ മുമ്പാകെയും 15-ാം ധനകാര്യകമ്മീഷന്റെയും മുമ്പാകെ അവതരിപ്പിച്ച് പരിഹാരം തേടണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br>• പദ്ധതി ചെലവിന്റെ നടത്തിപ്പിന് കൂടുതൽ പണം കണ്ടെത്തുന്നത് ഉറപ്പ് വരുത്തേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br>• ധനകാര്യ കമ്മീഷന്റെ അധികാര പരിധിയ്ക്കപ്പുറത്തുള്ള ധനസഹായം സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതിനുള്ള ഒരു സംവിധാനത്തിന്റെ ആവശ്യകത കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന നികുതി, നികുതിയേതര വരുമാനം പരിമിതമായതിനാൽ അവ പിരിച്ചെടുക്കുന്നതിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്ന് കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാന |

| | | |
|---|---|---|
| | | ത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി ക്യാഷ് മാനേജ്മെന്റ് നിർവ്വഹിക്കേണ്ടതുണ്ട്.<br>• പലിശ നിരക്ക് കുറവാണെങ്കിൽ ആർ. ബി. ഐ -യിൽ നിന്നുള്ള സ്പെഷ്യൽ, നോർമൽ വെയ്സ് &മീൻസ് അഡ്വാൻസുകളും ഓവർ ഡ്രാഫ്റ്റും എടുക്കുന്നത് പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിനു മുമ്പ് പരിഗണിക്കേണ്ടതാണ്.<br>• ധനക്കമ്മി ലക്ഷ്യങ്ങളെ അപേക്ഷിച്ച് റവന്യൂ കമ്മി ലക്ഷ്യങ്ങളിൽ നിന്നുള്ള വർദ്ധനവ് സംസ്ഥാനത്തെ മൂലധന ചെലവിനെ പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രവണത പരിഹരിക്കേണ്ടതുണ്ട്.<br>• സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ ദൃഢീകരണത്തിനായി, ഫലപ്രദമായ എക്സ്പെൻഡിച്ചർ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക, ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം യാഥാർത്ഥ്യമാക്കുക, വരവും ചെലവും ഒപ്പത്തിനൊപ്പമാക്കുക എന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br>• സംസ്ഥാനത്തിനെ സുസ്ഥിര വികസന പാതയിലെത്തിക്കുന്നതിനായി ജി.എസ്.ടി -യിൽ ഉൾപ്പെടുത്താത്ത നികുതി വിഭാഗങ്ങളുടെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുക, റവന്യൂ ചെലവുകൾ ക്രമാനുഗതമായി യുക്തിസഹമാക്കുക, |

| | | |
|---|---|---|
| | | മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് സൂക്ഷ്മത ഉറപ്പുവരുത്തണമെന്നും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br>• ലോട്ടറി ഒഴികെയുള്ള നികുതിയേതര വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുള്ളതായി കമ്മിറ്റി നിരീക്ഷിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് ഇത് പരിശോധിക്കുകയും വരുമാനം ഉയർത്തുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിനായി കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br>• സംസ്ഥാനത്തിന്റെ ഏതാണ്ട് എല്ലാ കടമെടുപ്പ് സ്രോതസ്സുകളിലേയും പലിശ ഉയർന്നതിനായതിനാൽ കടമെടുപ്പ് സ്രോതസ്സിന്റെ തെരഞ്ഞെടുപ്പ് യുക്തിസഹമാക്കേണ്ടതാണെന്നും കടത്തിന്റെ തിരിച്ചടവ് ഷെഡ്യൂളിൽ സ്ഥിരത ഉറപ്പ് വരുത്തുന്നതിനായി പബ്ലിക് അക്കൗണ്ടിന്റെ ബാധ്യത കുറച്ച് കൊണ്ടുവരേണ്ടതാണെന്നും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br>ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നുള്ളൂ. പബ്ലിക് |

| | | |
|---|---|---|
| | | അക്കൗണ്ട് വഴിയുള്ള കട ബാധ്യത കുറച്ചു കൊണ്ടു വരുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ട്രഷറി അക്കൗണ്ടിൽ നിന്നും 2017-18, 2018-19 വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരിച്ചെടുക്കുകയുണ്ടായി. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.<br><br>എക്സെൻഡിച്ചർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും നിലവിലെ സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്തു കൊണ്ട് നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നൽ നൽകികൊണ്ടും ധനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. |

**സെക്ഷൻ ഓഫീസർ**